# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

## മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1418

06-03-2020-ൽ മറുപടിയ്ക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അനൂപ് ജേക്കബ് | | ശ്രീ.എ.സി.മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) | |
| (എ) | എത്ര പഞ്ചായത്ത് വാർഡുകളിൽ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ വിലയിരുത്തൽ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഇതിലേക്കായി എത്ര പേരുടെ സേവനമാണ് വിനിയോഗിച്ചതെന്ന് അറിയിക്കാമോ; | (എ) യും (ബി) യും | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സോഷ്യൽ ഓഡിറ്റിംഗ് വാർഡ് തലത്തിൽ നടത്തി വരുന്നു. 30.11.2019 വരെ 2610 ഗ്രാമപഞ്ചായത്ത് വാർഡുകളിൽ പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ് നടത്തിയിട്ടുണ്ട്. ഇതിലേക്കായി 2215 റിസോഴ്സ് പേഴ്സൺമാരുടെ സേവനം വിനിയോഗിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ടോ; | | |
| (സി) | പ്രസ്തുത പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ് ഡയറക്ടറെ കാലാവധി പൂർത്തിയാകും മുൻപേ മാറ്റിയിട്ടുണ്ടോ; എങ്കിൽ ഇതിന് കാരണം വ്യക്തമാക്കാമോ? | (സി) | 'കില'യിലെ അസ്സോസിയേറ്റ് പ്രൊഫസർ തസ്തികയിൽ നിന്നും അന്യത്ര സേവന വ്യവസ്ഥയിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് സൊസൈറ്റി ഡയറക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചു വന്നിരുന്ന ഡോ.എബി ജോർജ്ജിന്റെ സേവനം 28.11.2019-ലെ കില/2016/101/1030 നമ്പർ കത്തിലൂടെ 'കില' ഡയറക്ടർ തിരികെ ആവശ്യപ്പെട്ട സാഹചര്യത്തിലാണ് സൊസൈറ്റിയുടെ ഗവേണിംഗ് ബോഡിയുമായി ആലോചിച്ച് 27.02.2020-ലെ സ.ഉ.(സാധാ)നം.495/2020/ത.സ്വ.ഭ.വ പ്രകാരം ടിയാന്റെ അന്യത്ര സേവനം അവസാനിപ്പിച്ച് മാതൃസ്ഥാപനത്തിലെ തസ്തികയിലേയ്ക്ക് വിടുതൽ നൽകിയത്. |

സെക്ഷൻ ഓഫീസർ.